**PRE BOARD EXAMINATION 2019-2020**

**GRADE: X CBSE** **MALAYALAM** **Max Marks :** 80

**Time : 3 Hours**

---

The Question paper is Divided into four sections.

| | | |
|---|---|---|
| Section A | : Reading Comprehension | 10 Marks |
| Section B | :Writing | 14 Marks |
| Section C | :Grammar | 20 Marks |
| Section D | :Literature | 36 Marks |

## എ വിഭാഗം

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക്ഉത്തരമെഴുതുക**

**സാമൂഹിക ജീവിതത്തിൽ ആശയവിനിമയത്തിന് വേണ്ടി കണ്ടുപിടിക്കപ്പെട്ട മാധ്യമമാണ് ഭാഷ.വാക്കുകൾ ആ ഭാഷയുടെ ഘടകങ്ങളും.സാമൂഹിക ജീവിതത്തിൽ നിന്നുരുത്തിരിഞ്ഞ് രൂപം പ്രാപിച്ചു വന്ന ഭാഷയുടെ നിലനിൽപ്പ് പൊതുവായ മൂല്യബോധത്തിന്റെ,പൊതുവായ ചില വിശ്വാ-സങ്ങളുടെ അസ്തിവാരത്തിലാണ് .അതില്ലാത്തിടത്ത് ഭാഷ നിരർത്ഥകമായിത്തീരുകയേയുള്ളൂ. വിശ്വാസത്തിന്റെയും വീക്ഷണത്തിന്റെയും കാര്യത്തിൽ നിങ്ങളുമായി യാതൊരു സാമ്യവുമില്ലാത്ത ഒരാളുമായി സംഭാഷണത്തിലേർപ്പെടാൻ നോക്കൂ.അപ്പോൾ ഇക്കാര്യം ശരിക്കനുഭവിക്കപ്പെടും. നിങ്ങൾക്ക് പരസ്പരം മനസ്സിലാവുകയില്ല.പരസ്പരം മനസ്സിലാക്കാൻ കഴിയാതെ പ്രയോഗിക്ക-പ്പെടുന്ന ഭാഷ അതിന്റെ അർത്ഥത്തെത്തന്നെ നിഷേധിക്കുകയാണല്ലോ ചെയ്യുന്നത്.അവിടെ മൗനമാണ് യാഥാർത്ഥ്യം.ഭാഷയിലൂടെയാണ് മനുഷ്യൻ അവന്റെ ഏറ്റവും വിലപ്പെട്ട മാനസീകജീവിതം ലോകത്തിന് കാഴ്ച വയ്ക്കുന്നത്.അങ്ങനെ കാഴ്ച വയ്ക്കാൻ അവനെ സഹായിക്കുന്നത് ഭാഷാ-പ്രയോഗത്തിൽ കാതലായി പ്രവർത്തിക്കുന്ന മൂല്യബോധമോ വിശ്വാസമോ ആകുന്നു.**

**ചോദ്യങ്ങൾ**

**1.ഭാഷ നിരർത്ഥകമായിത്തീരുന്നത് എപ്പോൾ? 2**

**2. “അവിടെ മൗനമാണ് യാഥാർത്ഥ്യം”-എവിടെ? 2**

**3.ഭാഷയിലൂടെ മനുഷ്യൻ ലോകത്തിന് കാഴ്ച വയ്ക്കുന്നതെന്ത്? 2**

**4.എന്താണ് ഭാഷ?ഭാഷയുടെ ഘടകങ്ങൾ എന്ത്? 2**

**5.ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക ? 2**

## ബി- വിഭാഗം

2.(a).ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക {7}

i. സൈബർകുറ്റകൃത്യങ്ങൾ തടയേണ്ടതിന്റെ ആവശ്യകത

ii. ഭൂമിയുടെ നിലനിൽപ്പിന് പ്ലാസ്റ്റിക് ഉയർത്തുന്ന വെല്ലുവിളി

iii. അവയവദാനത്തിന്റെ പ്രസക്തി

(b).രാജ്യത്ത് നിയന്ത്രണാതീതമായിക്കൊണ്ടിരിക്കുന്ന അഴിമതികളെക്കുറിച്ചുള്ള നിങ്ങളുടെ ആശങ്ക അറിയിച്ചുകൊണ്ട് ഇൻസ്പെക്ടർ ജനറലിന് ഒരു കത്ത് തയ്യാറാക്കുക {7}

## സി വിഭാഗം

3.(a).പ്രയോഗം മാറ്റുക {1× 2 =2}

i. നിങ്ങൾ എന്റെ ജയത്തിനു വേണ്ടി ആവുന്നതൊക്കെ ചെയ്തു

ii. വായുഭഗവാൻ വന്ന് വിമനസ്സായി നിൽക്കുന്ന മാവിന്റെ ശാഖകളെ ഉലച്ച് മാങ്ങകൾ പൊഴിച്ച്തരും.

(b).അംഗവാക്യം അംഗി വാക്യം എന്നിവ വേർതിരിച്ചെഴുതുക {1× 2 =2}

i. തന്റെ ജീവിതത്തിന് എന്ത് അർത്ഥമാണ് ഉള്ളതെന്ന് ദസ്തയേവ്സ്കി സ്വയം ചോദിച്ചു

ii. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനായ തയ്യൽക്കാരനാണ് ചാക്കുണ്ണി

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക {1× 2 =2}

i. ഒരുമയുടെയും സമഭാവനയുടെയും സന്ദേശവുമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ്

ii. ആളുകൾ ഉറക്കപ്പിച്ചും പേടിയും ഭയവും പിടിപെട്ട് അങ്ങുമിങ്ങും ഓടിപ്പായുകയുണ്ടായി

(d).പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക {1× 2 =2}

i. ഭോഗങ്ങൾ

ii. സഹാനുഭൂതി

(e) വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക {1× 2 =2}

i. ചെമ്പൻകുതിര

ii. സുന്ദരദൃഷ്ടി

(f) പര്യായപദങ്ങൾ എഴുതുക {1× 2 =2}

i. കുതിര

ii. രക്തം

(g) നാനാർത്ഥം എഴുതുക {1× 2 =2}

i. അങ്കം

ii. മുദ്ര

4.ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക {1× 2 =2}

(a) വിപരീതപദം എഴുതുക

i. രഹിതം

(അഹിതം,സഹിതം,വിഹിതം,ഹിതം)

ii. വിദേശം

(പരദേശം ,ദേശം,ആദേശം,സ്വദേശം )

(b) അർത്ഥവ്യത്യാസം എടുത്തെഴുതുക {½× 4 =2}

i ശീലം -ശീല

(പർവ്വണം,തുണി,പ്രതിമ,സ്വഭാവം)

ii ശാഖ -ശാഖി

(ശിഖരം ,മരം,കാട്,കൊമ്പ്

(c) എതിർലിംഗം എടുത്തെഴുതുക {1× 2 =2}

1 പിതാമഹൻ

(പിതാമഹ,പിതാമഹിനി,മാതാമഹി,പിതാമഹി)

11 അർത്ഥി

(അർത്ഥ,നിരർത്ഥി,അർത്ഥിനി ,അർത്ഥനി )

## ഡി വിഭാഗം

5.(a).ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക {½× 4 =2}

i നല്ലതിഥി നമുക്കിനിയാരിതുപോലെ"-നല്ലതിഥി എന്ന് വിശേഷിപ്പിക്കുന്നതാരെ?

(ഉഷസ്സിനെ,ഓണത്തപ്പനെ,അമ്മയെ,അശ്വത്തെ)

ii ഈ യുഗത്തിന്റെ സാമൂഹ്യ ശക്തിയായി നിൽക്കുന്നതാര്?

(പൂർവ്വികർ,ആഗമതത്വവാദികൾ,കവി,ദൈവം)

iii ആതിഥ്യശാലയിൽ ശോഭ ചൊരിയുന്നതെന്ത്?

(അമ്മയുടെ എഴുത്തുകൾ,വിദേശത്തു നിർമ്മിച്ച അമ്മയുടെ ബിംബം,കാൽപ്പെട്ടി,നറുക്കില പ്പൂവുകൾ )

iv അശ്വത്ഥാമാവ് ചവിട്ടിക്കൊന്നതാരെ ?

(ഭീമനെ,സഹദേവനെ,ധൃഷ്ടദ്യുമ്നനെ,ദുശ്ശാസനനെ)

(b) (1) "നളിനി"എന്ന കാവ്യത്തിന്റെ മറ്റൊരു പേരെന്ത്? {½× 4 =2}

(സ്നേഹഗീത,ഒരു സ്നേഹം,സ്നേഹഗാഥ,സ്നേഹം )

(2) ആരാണ് ചൂതസായകൻ?

(ദേവേന്ദ്രൻ,മഹാവിഷ്ണു,കാമദേവൻ,യമദേവൻ)

(3) നോവൽ രചനയുടെ ലക്ഷ്യമായി ദസ്തയേവ്സ്കി പറയുന്നതെന്ത്?

(നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുക,പണം സമ്പാദിക്കുക,കടബാധ്യത തീർക്കുക,മാനസീകോല്ലാസം ലഭിക്കുക)

(4) അഹംബുദ്ധിയുണ്ടാകുന്നത് എന്ത് കൊണ്ടാണ്?

(ക്രോധംമൂലം,ദേഹം നിമിത്തം,മോഹം നിമിത്തം,അവിദ്യമൂലം)

(6) (a) ഉത്തരം എഴുതുക? {4× 3=12}

(1) കൊച്ചുചക്കരച്ചിയുടെ അന്ത്യം വിവരിക്കുക?

(2) ദുരന്തങ്ങൾക്കിടയിലും ദസ്തയേവ്സ്കിയുടെ മനസ്സിലേക്ക് കടന്നുവരുന്ന ഹൃദ്യമായ ഓർമ്മകൾ എന്തെല്ലാം?

(3) ചാക്കുണ്ണി എന്ന കഥാപാത്രത്തെ വിലയിരുത്തി സ്വഭാവ സവിശേഷതകൾ എഴുതുക?

(b) (1) "ആരു തേടുക?നാളെ നമ്മുടെ കുട്ടികൾ- {4 × 3=12}

ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ?ആശയം വിശദമാക്കുക?

(2) ഓണം കേരളത്തിന് കിട്ടിയ വസന്തോൽസവമാണ്.സമർത്ഥിക്കുക?

(3) കടൽത്തീരത്ത് എന്ന ചെറുകഥയിൽ പൊതിച്ചോറിനുള്ള സ്ഥാനം വിശകലനം ചെയ്യുക?

(7).ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക? {4 × 2 =8}

(1) വിവേകാനന്ദനും ചട്ടമ്പിസ്വാമികളും തമ്മിലുള്ള കൂടിക്കാഴ്ചയെക്കുറിച്ച് എഴുതുക?

(2) ചട്ടമ്പിസ്വാമികളുടെ അവസാനകാലത്തെക്കുറിച്ച് ഒരു കുറിപ്പു തയ്യാറാക്കുക?

(3) സ്വാമികളുടെ ജീവിതശൈലിയെപ്പറ്റി വിശദീകരിക്കുക?

**********************************